File No.TCPKLM/383/2022-C

**ജില്ലാ ടൗൺ പ്ലാനറുടെ നടപടിക്രമം**

വിഷയം: ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിൽ, ശൂരനാട് വില്ലേജിൽ റീസർവ്വേ നമ്പർ 117/5 -ൽ ഉൾപ്പെട്ട 2023 ച.മീ ആകെ വിസ്തൃതിയുള്ള സ്ഥലത്തു നിന്നും 1071 ച.മീ വിസ്തൃതിയുള്ള സ്ഥലത്ത് 203 ച.മീ വിസ്തൃതിയിൽ പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: ശ്രീമതി. പുഷ്പകുമാരിയുടെ 07/07/2022-ലെ അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKLM/383/2022/C** **തീയതി 01/08/2022**

---

ശൂരനാട് തെക്കു പഞ്ചായത്തിൽ ശൂരനാട് തെക്കു വില്ലേജിൽ റീസർവ്വേ നമ്പർ 117/5 ൽ ഉൾപ്പെട്ട 2023 ച.മീ ആകെ വിസ്തൃതിയുള്ള സ്ഥലത്തു നിന്നും 1071 ച.മീ വിസ്തൃതിയുള്ള സ്ഥലത്തു നിർമ്മിക്കാൻ പോകുന്ന 203 ച.മീ വിസ്തൃതിയുള്ള പെട്രോൾ പമ്പിന് ലേഔട്ട് അനുമതി ലഭ്യമാക്കുന്നതിന് വേണ്ടി ശ്രീമതി.പുഷ്പകുമാരി, ഹരി മന്ദിരം,പതാരം (പി.ഓ) സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR-2019-നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ:**

I. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി / എൻ . ഒ . സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി / ഒക്യുപെൻസി നൽകുവാൻ പാടുള്ളു .

II. നിർമ്മാണം കെ . പി . ബി . ആർ . 2019 നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം .

III. KPBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ , സർവ്വേ നമ്പർ , വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ നിലം, പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം .

IV. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം .

V. 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ് .

VI. സ്വാഭാവിക ജലനിർഗമനമാർഗ്ഗങ്ങൾ അടഞ്ഞുപോകരുത് .

VII. നിർദ്ദിഷ്ട ലേ - ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിക്കണം . പ്രസ്തുതലേ - ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് ( മഴവെള്ളം / മലിനജലം ) പരിസരവാസികൾക്ക് ദോഷമുണ്ടാകരുത് .

VIII. നിർമ്മാണം കെ.പി.ബി.ആർ. 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം .

IX. കെ.പി.ബി.ആർ. 2019 ചട്ടം 5(4) പ്രകാരം അഗ്നിശമനസേന ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും അംഗീകാരം ലഭ്യമാക്കിയിരിക്കണം .

X. ടി നിർമ്മാണം മൂലം സമീപവാസികളുടെ സ്വൈര ജീവിതത്തിനും സുരക്ഷയ്ക്കും യാതൊരു വിധമായ ഭീഷണിയോ, ടി സ്ഥാപനത്തിന്റെ നിർമ്മാണം, ഉപയോഗം എന്നിവ മൂലം പാരിസ്ഥിതിക പ്രശ്നങ്ങളോ ശബ്ദ, വായു, ജല മലിനീകരണ പ്രശ്നങ്ങളോ മറ്റ് അനുബന്ധ പ്രത്യാഘാതങ്ങളോ, ഗതാഗത കുരുക്ക് മുതലായവ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.

XI. ചട്ടം 5(4) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കിയിരിക്കണം.

XII. പെട്രോൾ ടാങ്കിന്റെയും വെന്റ് പൈപ്പിന്റെയും സ്ഥാനവും നിർമ്മാണവും നിലവിലുള്ള പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.

XIII. പെട്രോൾ പമ്പിന്റെ സ്ഥാനം MORTH Guidelines പാലിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**37/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.**

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

Signature valid
Digitally signed by Shary M V
Date: 2022.08.01 12:58:50 IST
Reason: Approved

**SHARY M V, TP TPKLM, O/O TP TPKLM**

ശ്രീമതി. പുഷ്പ കുമാരി
ഹരി മന്ദിരം, ഇരവിച്ചിറ നടുവിൽ
പതാരം (പി.ഒ), ശൂരനാട് തെക്ക് പഞ്ചായത്ത്
കുന്നത്തൂർ, ശാസ്താംകോട്ട

പകർപ്പ്: സെക്രട്ടറി,
ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്.

OFFICE OF THE DISTRICT TOWN PLANNER-LSGD PLANNING, KOLLAM CUTCHERY P.O. KOLLAM-691013 ★
Date: ..........
Ph: 0474-2742062